# 20th meeting of Working Mechanism for Consultation & Coordination on India-China Border Affairs

December 18, 2020

---

## ഇന്ത്യ ചൈന അതിർത്തി വിഷയങ്ങളിൽ വർക്കിങ് മെക്കാനിസം ഫോർ കൺസൽട്ടേഷൻ & കോർഡിനേഷന്റെ 20 മത് സമ്മേളനം

ഡിസംബർ 18, 2020

ഇന്ത്യ ചൈന അതിർത്തി വിഷയങ്ങളിൽ വർക്കിങ് മെക്കാനിസം ഫോർ കൺസൽട്ടേഷൻ & കോർഡിനേഷന്റെ 20 മത് സമ്മേളനം 2020 ഡിസംബർ 18 ന് നടന്നു. വിദേശകാര്യമന്ത്രാലയത്തിൽ നിന്നുള്ള ജോയിന്റ് സെക്രട്ടറി (കിഴക്കൻ ഏഷ്യ) ഇന്ത്യൻ വിഭാഗത്തെയും ചെനീസ് മന്ത്രാലയത്തിൽ നിന്നും അതിർത്തി & സമുദ്രകാര്യ വകുപ്പിലെ ഡയറക്ടർ ജനറൽ ചെനീസ് വിഭാഗത്തെയും നയിച്ചു.

2020 സെപ്റ്റംബറിൽ നടന്ന അവസാന ഘട്ട WMCC യ്ക്ക് ശേഷം ഇന്ത്യ -ചൈന അതിർത്തി വിഷയങ്ങളിൽ യഥാർത്ഥ നിയന്ത്രണ രേഖയെ (LAC) സംബന്ധിച്ച് നടന്ന വികസനങ്ങളെ ഇരു വിഭാഗങ്ങളും അവലോകനം ചെയ്തു. എത്രയും പെട്ടന്ന് തന്നെ യഥാർത്ഥ നിയന്ത്രണ രേഖയുടെ പടിഞ്ഞാറൻ പ്രവിശ്യയിലെ സംഘർഷ സ്ഥലങ്ങളിൽ പൂർണമായും സൈനിക പിന്മാറ്റം നടത്തുന്നതിന്, മുതിർന്ന നേതാക്കളുടെ നിർദേശങ്ങൾക്കും ഇരു വിദേശകാര്യമന്ത്രിമാരും പ്രത്യേക പ്രതിനിധികളും തമ്മിൽ നടപ്പിലാക്കിയ ഉടമ്പടികൾക്കും അടിസ്ഥാനമായി പ്രവർത്തിക്കുമെന്ന് ഇരു വിഭാഗങ്ങളും സമ്മതിച്ചു.2020 ഒക്ടോബർ 12, നവംബര് 6 എന്നീ തിയ്യതികളിൽ നടന്ന ഉന്നത തല കമ്മാണ്ടർമാരുടെ സമ്മേളനത്തിന്റെ 7 മതത്തെയും 8 മതത്തെയും ഘട്ടങ്ങളിൽ ഇത് സംബന്ധിച്ച വിശദമായ ചർച്ചകൾ നടന്നിരിക്കുന്നുവെന്നും ഈ ചർച്ചകളും സ്ഥിരത ഉറപ്പാക്കുന്നതിൽ പങ്കു വഹിച്ചിരിക്കുന്നുവെന്നും ഇരു വിഭാഗങ്ങളും അഭിപ്രായപ്പെട്ടു.

നയതന്ത്ര സൈനിക തലങ്ങളിൽ അടുത്ത സഹകരണം പുലർത്തുന്നതാണെന്നു ഇരു കൂട്ടരും സമ്മതിച്ചു.നിലവിലുള്ള ഉഭയകക്ഷി ഉടമ്പടികൾക്കും നയങ്ങൾക്കും അനുസൃതമായി LAC യിലുള്ള സൈനിക വ്യത്തങ്ങളെ പൂർണമായും പിൻവലിക്കുന്നതിനും ശാന്തിയും സമാധാനവും പുനഃസ്ഥാപിക്കുന്നതിനുമായി ഉന്നത തല കമ്മാണ്ടർമാരുടെ സമ്മേളനത്തിന്റെ അടുത്ത ഘട്ടം (9 മത്) ഘട്ടം ഏറ്റവും നേരത്തെയുള്ള തിയ്യതികളിൽ നടത്തുന്നതിനും അവർ അംഗീകരിച്ചു.

**ന്യൂ ഡൽഹി**
**18 ഡിസംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.